ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. ബി 6/1629/2024/മെ.വി.വ.** **തീയതി: 16-10-2024**

## വിജ്ഞാപനം

### ജി.എൻ.എം അഡ്മിഷൻ രണ്ടാം ഘട്ടം അലോട്ട്മെന്റ് 2024 ഒക്ടോബർ 21-ന്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 2024-25-ൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിലേയ്ക്കുള്ള പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് **രണ്ടാം ഘട്ടം അലോട്ട്മെന്റ് 2024 ഒക്ടോബർ മാസം 21-ന് രാവിലെ 10 മണി മുതൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ (മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം) വെച്ച് നടത്തുന്നു.**

അലോട്ട്മെന്റ് താഴെ നിശ്ചയിച്ചിരിക്കുന്ന പ്രകാരം നടത്തുന്നതാണ്

| രണ്ടാം ഘട്ടം അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുള്ളവരുടെ റാങ്ക് വിവരം | ഒഴിവ് | സർക്കാർ നഴ്സിംഗ് കോളേജ് |
|---|---|---|
| 1. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഒന്നാം ഘട്ട പ്രവേശന പ്രക്രിയയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നവരും അലോട്ട്മെന്റ് ലഭിക്കാത്തവരുമായ റാങ്ക് 1 മുതൽ 75 വരെയുള്ള പട്ടിക ജാതി വിഭാഗം പെൺകുട്ടികൾ **(+2 സയൻസ് പഠിച്ചവർ മാത്രം** ) | എസ്.സി വിഭാഗം പെൺകുട്ടികൾ ' 9 ' | തിരുവനന്തപുരം |
| 1. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഒന്നാം ഘട്ട പ്രവേശന പ്രക്രിയയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നവരും അലോട്ട്മെന്റ് ലഭിക്കാത്തവരുമായ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടിക | എസ്.ടി വിഭാഗം പെൺകുട്ടികൾ ' 6 ' | കോട്ടയം (പട്ടിക വർഗ്ഗ വിഭാഗത്തിന് മാ |

| | | |
|---|---|---|
| വർഗ്ഗ വിഭാഗം പെൺകുട്ടികൾ<br><br>2. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഒന്നാം ഘട്ട പ്രവേശന പ്രക്രിയയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നവരും അലോട്ട്മെന്റ് ലഭിക്കാത്തവര ുമായ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടിക വർഗ്ഗ വിഭാഗം ആൺകുട്ടികൾ | എസ്.ടി വിഭാഗം ആൺകുട്ടികൾ ' 2 ' | ത്രും) |

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുകളിൽ പറഞ്ഞ വിഭാഗത്തിലെ റാങ്കുകൾക്കുള്ളിൽ ഉൾപ്പെട്ടിട്ടുള്ള താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് **രണ്ടാം ഘട്ടം അലോട്ട്മെന്റിൽ** പങ്കെടുക്കാവുന്നതാണ്. മേൽ പറഞ്ഞ റാങ്കുകൾക്കുള്ളിൽപ്പെട്ടവരുടെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം ലഭിക്കുന്നത്. വിദ്യാർത്ഥികൾ പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ എസ്.എസ്.എൽ.സി, പ്ലസ് ടു/തത്തുല്യം, TC/NOC , കമ്മ്യൂണിറ്റി, നേറ്റിവിറ്റി, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് മുതലായവ പ്രവേശനത്തിന് വരുമ്പോൾ ഹാജരാക്കേണ്ടതാണ്. ആരോഗ്യപരമായ കാരണത്തിൽ പ്രസ്തുത ദിവസം ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ, പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അനുമതിപത്രം (വെബ് സൈറ്റിൽ ലഭ്യമാണ്), മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ പൂരിപ്പിച്ച് ചുതലപ്പെടുത്തുന്ന വ്യക്തി മുഖേന, അന്നേ ദിവസം അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം പിന്നീട് പരിഗണിക്കുന്നതല്ല.

വിശദ വിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**പ്രവേശനത്തിന് ഹാജരാകുന്നതിന് മുമ്പ് ഒഴിവുകളുടെ എണ്ണവും, സ്ഥലവും , കാറ്റഗറിയും പ്രത്യേകം ശ്രദ്ധിക്കുക.**

Signed by
Thomas Mathew
Date: 16-10-2024 06:12:26

വിശ്വസ്തതയോടെ,

THOMAS MATHEW
DIRECTOR

പകർപ്പ്: 1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ,വിളുര,തിരുവനന്തപുരം
4. പ്രിൻസിപ്പൽ,
സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/കോട്ടയം
5. ഡി.എം.ഇ/ജെ.ഡി.എൻ.ഇ,എന്നിവരുടെ സി.എ മാർക്ക്
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (അക്കാദമിക്)
7. സീനിയർ സൂപ്രണ്ട്(അക്കാദമിക്)
8. സർജന്റ്(ഡി.എം.ഇ ഓഫീസ്)

9. നോട്ടീസ് ബോർഡ്
10. കമ്പ്യൂട്ടർ പ്രോഗ്രാമർ,ഡി.എം.ഇ ഓഫീസ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
11. സെക്യൂരിറ്റി ഓഫീസർ,സർക്കാർ മെഡിക്കൽ കോളേജ്,തിരുവനന്തപുരം